**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2520** — **12-12-2022 - ൽ മറുപടിയ്ക്ക്**

**ഹരിത കർമ്മസേന - വേതന വ്യവസ്ഥകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി ആർ മഹേഷ് | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | ഹരിത കേരള മിഷന്റെ ഭാഗമായി രൂപീകരിച്ച ഹരിതകർമ്മ സേനയുടെ പ്രവർത്തനങ്ങൾക്കുള്ള വേതന വ്യവസ്ഥകൾ വിശദമാക്കുമോ; | (എ) | കുടുംബശ്രീ സംരംഭ മാതൃകയിൽ രൂപീകരിച്ചിട്ടുള്ള ഹരിതകർമ്മ സേനാംഗങ്ങൾ ശമ്പള വേതന വ്യവസ്ഥയിലല്ല നിലവിൽ പ്രവർത്തിക്കുന്നത്. അജൈവ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് അജൈവ മാലിന്യ ശേഖരണത്തിനായി വാതിൽപ്പടി സേവനം നൽകുന്നതിന്റെ അടിസ്ഥാനത്തിൽ ലഭിക്കുന്ന യൂസർഫീ, അജൈവ മാലിന്യം തരം തിരിച്ച് ക്ലീൻ കേരള കമ്പനി, അല്ലെങ്കിൽ മറ്റേതെങ്കിലും ഏജൻസികൾക്ക് നൽകുന്നതിലൂടെ ലഭിക്കുന്ന തുക തുടങ്ങിയവയാണ് ഹരിതകർമ്മ സേനാംഗങ്ങൾക്കുള്ള വരുമാന മാർഗ്ഗം. |
| (ബി) | വീടൊന്നിന് എത്ര രൂപ നിരക്കിലാണ് വേതനം നല്കി വരുന്നതെന്നും ഇവർക്ക് നൽകി വരുന്ന മറ്റ് സർക്കാർ ആനുകൂല്യങ്ങൾ എന്തൊക്കെയെന്നും വിശദമാക്കാമോ ? | (ബി) | വാതിൽപ്പടി സേവനം നൽകുന്നതിന് ഗ്രാമ പ്രദേശങ്ങളിൽ വീടൊന്നിന് കുറഞ്ഞത് 50 രൂപയും നഗരപ്രദേശങ്ങളിൽ 70 രൂപയുമാണ് ഹരിത കർമ്മ സേനാംഗങ്ങൾക്ക് ലഭിക്കുന്ന യൂസർഫീ .കൂടാതെ കടകൾ, മറ്റ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നും കുറഞ്ഞത് 100 രൂപയും യൂസർഫീ ആയി ലഭിക്കുന്നുണ്ട്. സേവന മേഖലയിൽ പ്രവർത്തിക്കുന്ന കുടുംബശ്രീ സംരംകർക്ക് കുടുംബശ്രീ ഏർപ്പെടുത്തിയിട്ടുള്ള ആരോഗ്യ ഇൻഷ്വറൻസ് പരിരക്ഷ ഹരിതകർമ്മ സേനാംഗങ്ങൾക്കും ലഭ്യമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ